2024 ജൂൺ

# കില
വാർത്താ പത്രിക

അലങ്കാര ബാഗ്–സോപ്പ് നിർമ്മാണ പരിശീലനം 2
വീഡിയോ സമാഹാരം റിലീസ് ചെയ്തു 3
വിവരാവകാശ പരിശീലനം നൽകി 4
ശ്രീപതി ഇൻസ്റ്റിറ്റ്യൂട്ടുമായി ധാരണാപത്രം 5
കിലയുടെ സെന്റർ ഫോർ അർബൻ ഗവേണൻസ് 7
നൂതനാശയ പ്രോത്സാഹനത്തിന് ഒ.എൽ.ഒ.ഐ. 8

www.kila.ac.in | KERALA INSTITUTE OF LOCAL ADMINISTRATION | Volume 1, Issue 8 | For Private Circulation Only

## കർണ്ണാടക ധനകാര്യകമ്മീഷൻ അംഗങ്ങൾ കിലയിൽ മന്ത്രി എംബി രാജേഷുമായി കൂടിക്കാഴ്ച നടത്തി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനമാനെജ്മെന്റ് വിവരങ്ങൾ വിശദമായി മനസ്സിലാക്കാൻ കർണ്ണാടക സംസ്ഥാനത്തെ ധനകാര്യ കമ്മീഷൻ അംഗങ്ങൾ കില സന്ദർശിച്ചു. തദ്ദേശ സ്വയംഭരണ-എക്സൈസ് വകുപ്പ് മന്ത്രി എം.ബി. രാജേഷുമായി കൂടിക്കാഴ്ച നടത്തി. മെയ് 20ന് മുളങ്കുന്നത്തുകാവ് കില ആസ്ഥാനത്തു വച്ചായിരുന്നു കൂടിക്കാഴ്ച. കമ്മീഷൻ അധ്യക്ഷൻ ഡോ.സി.നാരായണ സ്വാമിയുടെ നേതൃത്വത്തിലുള്ള മൂന്നംഗ സംഘമാണ് സന്ദർശനത്തിനെത്തിയത്. മന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രവർത്തനങ്ങൾ ഉൾപ്പെടെ വിവിധ വിഷയങ്ങൾ ചർച്ച ചെയ്തു. ചർച്ചയിൽ കില ഡയറക്ടർ ജനറൽ ഡോ.ജോയ്ഇളമണും സംബന്ധിച്ചു.

മൊഹമ്മദ് സനവുള്ള, ആർ.എസ്.ഫോൻഡെ തുടങ്ങിയവരായിരുന്നു സന്ദർശനത്തിനെത്തിയ മറ്റു സംഘാംഗങ്ങൾ. തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ നടപ്പിലാക്കുന്ന നൂതന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ കമ്മീഷൻ അംഗങ്ങളോട് മന്ത്രി വിശദീകരിച്ചു. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഫണ്ട് വിതരണം, തനത് ഫണ്ട് വർധിപ്പിക്കാനുള്ള നടപടികൾ, ഇരു സംസ്ഥാനങ്ങളിലെയും കെട്ടിട നികുതി, പെർമ്മിറ്റ് ഫീസ് ഘടന തുടങ്ങിയ വിഷയങ്ങളും മന്ത്രിയുമായുള്ള ചർച്ചയിൽ ഉൾപ്പെട്ടിരുന്നു. കർണാടകയുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ പെർമ്മിറ്റ് ഫീസും കെട്ടിടനികുതിയും വളരെ കുറവാണെന്ന കാര്യം മന്ത്രി സംഘത്തോട് വിശദീകരിച്ചു. കേരളത്തിന്റെ ശ്രദ്ധേയമായ ചുവടുവെപ്പുകളായ ഡിജിറ്റൽ സാക്ഷരതാ പദ്ധതിയും ഭരണഘടനാ സാക്ഷരതാ പരിപാടിയും മന്ത്രി വിശദീകരിച്ചു. കർണാടകയിൽ ഭരണഘടനാ സാക്ഷരതാ പരിപാടി ആരംഭിക്കാൻ കേരളം നൽകിയ പിന്തുണക്ക് മന്ത്രിയോട് കമ്മീഷൻ അംഗങ്ങൾ നന്ദി അറിയിച്ചു. കിലയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ കില ഡയറക്ടർ ജനറൽ ഡോ.ജോയ് ഇളമൺ സംഘാംഗങ്ങൾക്ക് വിശദീകരിച്ചു. തുടർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സാമ്പത്തിക വികേന്ദ്രീകരണം കില ഫാകൽറ്റി അംഗമായ സി.പി. സുനിൽ അവതരിപ്പിച്ചു.

ഉച്ചയ്ക്കു ശേഷം ചേലക്കര ഗ്രാമപഞ്ചായത്ത് സന്ദർശിച്ച സംഘം പ്രസിഡന്റ്, വൈസ് പ്രസിഡന്റ് ഉദ്യോഗസ്ഥരുമായി ധനമാനെജ്മെന്റ് സംബന്ധിച്ച് ചർച്ചകൾ നടത്തി. 21ന് രാവിലെ ഗുരുവായൂർ മുനിസിപ്പാലിറ്റി സന്ദർശിക്കുകയും ചെയർമാനും ഉദ്യോഗസ്ഥരുമായി വേസ്റ്റ് മാനെജ്മെന്റ്, വാഹന പാർക്കിങ് സൗകര്യങ്ങൾ, ഗുരുവായൂർ ക്ഷേത്ര സംരക്ഷണത്തിനായി നടത്തുന്ന മുനിസിപ്പാലിറ്റിയുടെ പ്രവർത്തനങ്ങൾ എന്നിവയെ കുറിച്ചും ചർച്ച ചെയ്തു. തുടർന്ന് വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് സന്ദർശിച്ച് അധികൃതരുമായി ഫണ്ട് ലഭ്യതയും വിനിയോഗവും,ധനമാനെജ്മെന്റ് തുടങ്ങിയ വിഷയങ്ങളും ചർച്ച ചെയ്തു. 22ന് തിരുവനന്തപുരത്ത് ഫിനാൻസ് കമ്മീഷൻ എസ്.എം.വിദ്യാനന്ദുമായി കൂടിക്കാഴ്ച നടത്തി, ആസൂത്രണബോർഡ്, സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ് സന്ദർശിച്ചാണ് മടങ്ങിയത്.



*തദ്ദേശ സ്വയംഭരണ-എക്സൈസ് വകുപ്പ് മന്ത്രി എം.ബി.രാജേഷുമായി കർണ്ണാടക ധനകാര്യ കമ്മീഷൻ അംഗങ്ങൾ കൂടിക്കാഴ്ച നടത്തിയപ്പോൾ. കില ഡയറക്ടർ ജനറൽ ഡോ.ജോയ് ഇളമൺ, കർണ്ണാടക ധനകാര്യ കമ്മീഷൻ ചെയർമാൻ ഡോ.സി.സ്വാമിനാഥൻ, അംഗങ്ങളായ മൊഹമ്മദ് സനവുള്ള, ആർ.എസ്. ഫോൻഡെ തുടങ്ങിയവർ.*

## കിലയിൽ അതിഥിയായി മന്ത്രി എം.ബി. രാജേഷ്

ഔദ്യോഗിക ആവശ്യങ്ങൾക്കായി കിലയിലെത്തിയ സംസ്ഥാന തദ്ദേശ സ്വയംഭരണ-എക്സൈസ് വകുപ്പ് മന്ത്രി എം.ബി. രാജേഷിനെ ഹാർദ്ദമായി സ്വാഗതം ചെയ്ത് കില. മെയ് 19ന് വൈകീട്ടായിരുന്നു മന്ത്രിയും സംഘവും കിലയിൽ എത്തിയത്. കിലയുടെ എസ്എഎസ് ഗസ്റ്റ് ഹൗസിൽ മന്ത്രിക്കും സംഘത്തിനും താമസ സൗകര്യം ഒരുക്കി. മറ്റ് ഔദ്യോഗിക തിരക്കുകൾക്കിടയിലും കിലയോടൊപ്പം സമയം ചിലവിടാൻ ഇതാദ്യമായാണ് വകുപ്പ് മന്ത്രി കിലയിൽ എത്തിയത്. വൈകീട്ട് ഗസ്റ്റ് ഹൗസിൽ താമസിച്ച അദ്ദേഹം മെയ് 20ന് രാവിലെ വീഡിയോ കോൺഫറൻസിലൂടെ വിവിധ വകുപ്പു മന്ത്രുമാരുമായി നടത്തിയ ചർച്ചകളോടെ ഔദ്യോഗിക തിരക്കുകളിൽ സജീവമായി. പിന്നീട് കിലയുടെ പ്രധാന പ്രവർത്തനങ്ങൾ സംബന്ധിച്ച 'കില ഫോർ ന്യൂ കേരള' വീഡിയോ സമാഹാരത്തിന്റെ പ്രകാശനവും അദ്ദേഹം നിർവ്വഹിച്ചു.

തുടർന്ന് സംസ്ഥാന ഗ്രാമപഞ്ചായത്ത് അസോസിയേഷൻ, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ, കേരള ജില്ലാപഞ്ചായത്ത് പ്രസിഡന്റ്സ് ചേംബർ, ചേംബർ ഓഫ് മുനിസിപ്പൽ ചെയർമാൻ-കേരള, മേയേഴ്സ് കൗൺസിൽ- കേരള തുടങ്ങിയവരുമായുള്ള യോഗം ചേരുകയും ചർച്ചകൾ നടത്തുകയും ചെയ്തു. യോഗത്തിൽ കർണ്ണാടക ധനകാര്യ കമ്മീഷൻ അംഗങ്ങളുമായുള്ള മന്ത്രിയുടെ കൂടിക്കാഴ്ചയും വിവിധതല ചർച്ചകളും തുടർന്നുണ്ടായി. ഉച്ചതിരിഞ്ഞ് തൃത്താല മണ്ഡലത്തിലെ തദ്ദേശ ഭരണ അധ്യക്ഷന്മാരുമായി സംയുക്ത വികസന പദ്ധതി സംബന്ധിച്ച ചർച്ചകൾ നടത്തിയ ശേഷം മന്ത്രി മലപ്പുറത്തേക്ക് തിരിച്ചു.



*കിലയിലെ വീഡിയോ സമാഹാര പ്രകാശന വേളയിൽ നിന്ന്. തദ്ദേശ സ്വയംഭരണ- എക്സൈസ് വകുപ്പ് മന്ത്രി എം.ബി. രാജേഷ്, കില ഡയറക്ടർ ജനറൽ ഡോ. ജോയ് ഇളമൺ, ജനപ്രതിനിധികൾ, ജീവനക്കാർ തുടങ്ങിയവർ സമീപം.*

## കിലയിൽ പരിസ്ഥിതി ദിനം ആചരിച്ചു

ലോകപരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് കില ക്യാംപസിൽ വൃക്ഷതൈകൾനട്ടു. കിലഡയറക്റ്റർ ജനറൽ ഡോ.ജോയ് ഇളമൺ വൃക്ഷത്തൈ നട്ട് പരിസ്ഥിതി ദിനാചരണം ഉദ്ഘാടനം ഉദ്ഘാടനം ചെയ്തു. നെല്ലി, താന്നി, ചന്ദനം തുടങ്ങിയ തൈകളായിരുന്നു ക്യാംപസിലെ വിവിധ ഭാഗങ്ങളിലായി വച്ചു പിടിപ്പിച്ചത്. കില ഡെപ്യൂട്ടി ഡയറക്റ്റർ&ഫിനാൻസ് ഓഫീസർ ആർ.ഗിരിജാദേവി, അസിസ്റ്റന്റ് ഡയറക്റ്റർ (അഡ്മിനിസ്ട്രേഷൻ) ഉണ്ണികൃഷ്ണൻ കെ.പി, അസിസ്റ്റന്റ് ഡയറക്റ്റർ (പരിശീലനം)ഡോ.അമൃത കെ.പി.എൻ, അസിസ്റ്റന്റ് പ്രൊഫ. ഡോ.മോനിഷ് ജോസ്, മീഡിയ കോർഡിനേറ്റർ ഷെബി പി.വി, സീനിയർ അർബൻ ഫെല്ലോ ഡോ.രാജേഷ് കെ, അസിസ്റ്റന്റ് ലൈബ്രേറിയൻ മഞ്ജു.ഒ, ക്യാംപസ് അസിസ്റ്റന്റ് രാമനാഥൻ.എച്ച് തുടങ്ങിയവരും തൈകൾനട്ട് പങ്കുചേർന്നു.



*പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് തൃശൂർ കില ക്യാംപസിൽ ഡയറക്റ്റർ ജനറൽ ഡോ.ജോയ് ഇളമൺ വൃക്ഷത്തൈ നടുന്നു. കില അസിസ്റ്റന്റ് ഡയറക്റ്റർ (അഡ്മിനിസ്ട്രേഷൻ) ഉണ്ണികൃഷ്ണൻ കെ.പി, കില അസിസ്റ്റന്റ് ഡയറക്റ്റർ(പരിശീലനം) അമൃത കെപിഎൻ, കില ജീവനക്കാരായ ശിവാനന്ദൻ കെ.കെ, അബ്ദുൾ റഷീദ്, ശിവപ്രസാദ്.ടി, റിജോയ് എ.ആർ തുടങ്ങിയവർ സമീപം.*

കിലയുടെ കൊട്ടാരക്കര സിഎച്ച്ആർഡി സെന്ററിൽ സിഎച്ച്ആർഡി ഡയറക്റ്റർ വി.സുദേശൻ ഏലത്തിന്റെ തൈ നട്ടുപിടിപ്പിച്ചാണ് പരിസ്ഥിതി ദിനാചരണത്തിന് നേതൃത്വം നൽകിയത്. ഫാകൽറ്റി അംഗങ്ങളും ജീവനക്കാരും ഫല വൃക്ഷത്തൈകളും നട്ടുപിടിപ്പിച്ചു. കൊട്ടാരക്കര സിഎസ്ഇഡിയിൽ ലക്ചറർ -സഹകരണം ജലന്തർ.വിയുടെ നേതൃത്വത്തിലായിരുന്നു പരിസ്ഥിതി ദിനാചരണം സംഘടിപ്പിച്ചത്. കിലയുടെ മണ്ണുത്തി സെന്ററിൽ നടന്ന പരിസ്ഥിതി ദിനാചരണത്തിൽ പ്രിൻസിപ്പൽ ട്രീസ ജോസ് തൈനടലിന് നേതൃത്വം നൽകി.



അബ്ദുൾ സമദിന്റെ യാത്രയയപ്പു വേളയിൽ കില ഡയറക്ടർ ജനറൽ ഡോ.ജോയ് ഇളമൺ കിലയുടെ ഉപഹാരം അദ്ദേഹത്തിന് കൈമാറുന്നു. സമീപം(വലതുനിന്ന്) കിലസീനിയർ അർബൻ ഫെല്ലോ ഡോ. രാജേഷ്. കെ., കില അസിസ്റ്റന്റ് ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ) ഉണ്ണികൃഷ്ണൻ കെ.പി, അബ്ദുൾ സമദിന്റെ പത്നി ഷീന.എസ്, കില അസിസ്റ്റന്റ് ഡയറക്ടർ (പരിശീലനം) ഡോ.അമൃത കെ.പി.എൻ, കില ഡെപ്യൂട്ടി ഡയറക്ടർ ആന്റ് ഫിനാൻസ് ഓഫീസർ ഗിരിജാ ദേവി.ആർ തുടങ്ങിയവർ.

## അബ്ദുൾ സമദിന് യാത്രയയപ്പു നൽകി

മുപ്പതു വർഷത്തെ സേവനത്തിനു ശേഷം കില ആസ്ഥാനത്തു നിന്നു വിരമിച്ച ഓവർസിയർ അബ്ദുൾ സമദിന് യാത്രയയപ്പ് നൽകി.

കില ഡയറക്ടർ ജനറൽ ഡോ.ജോയ് ഇളമൺന്റെ അധ്യക്ഷതയിൽ നടന്ന യാത്രയയപ്പ് ചടങ്ങിൽ കില ഡെപ്യൂട്ടി ഡയറക്ടർ & ഫിനാൻസ് ഓഫീസർ ഗിരിജാദേവി. ആർ, കില അസിസ്റ്റന്റ് ഡയറക്ടർ(അഡ്മിനിസ്ട്രേഷൻ) കെ.പി.ഉണ്ണികൃഷ്ണൻ, കില അസിസ്റ്റന്റ് ഡയറക്ടർ (പരിശീലനം) ഡോ.അമൃത കെപിഎൻ, കില സീനിയർ അർബൻ ഫെല്ലോ ഡോ.രാജേഷ് .കെ, കില ജീവനക്കാരായ രാമനാഥൻ.എച്ച്, ജയൻ ഇകെ, വി.ആർ.ബാബു, നിനി പി.പി, അബ്ദുൾസമദിന്റെ പത്നി ഷീന. എസ് തുടങ്ങിയവർ സംസാരിച്ചു. കില മീഡിയ കോർഡിനേറ്റർ പി.വി.ഷെബി നന്ദിയും പറഞ്ഞു. 1994 നവംബറിൽ ഇലക്ട്രീഷ്യൻ തസ്തികയിലായിരുന്നു കിലയിൽ അബ്ദുൾ സമദ് സേവനം തുടങ്ങിയത്. പിന്നീടാണ് പ്രൊമോഷൻ നേടി ഓവർസിയർ ആയത്.

കൊല്ലം ചവറ സ്വദേശിയായ അബ്ദുൾസമദ്-ഷീന ദമ്പതികൾക്ക് വിദ്യാർത്ഥിനികളായ ആഷ്ന.എസ്, ആഷ്മി എസ് എന്നീ രണ്ടു പെൺമക്കളാണുള്ളത്.



ഔദ്യോഗിക ജീവിതത്തിൽ നിന്നു വിരമിച്ച കിലയുടെ കൊട്ടാരക്കര സെന്ററിലെ ജീവനക്കാരൻ പി.എസ്. രാധാകൃഷ്ണപ്പിള്ളക്ക് സഹപ്രവർത്തകർ യാത്രയയപ്പു നൽകിയ ശേഷം

## രാധാകൃഷ്ണപിള്ള പി.എസിന് യാത്രയയപ്പു നൽകി

ഔദ്യോഗിക ജീവിതത്തിൽനിന്നു വിരമിച്ച കിലയുടെ കൊട്ടാരക്കര സെന്ററിലെ ജീവനക്കാരൻ പി.എസ്. രാധാകൃഷ്ണപ്പിള്ളക്ക് യാത്രയയപ്പു നൽകി. 1997ൽ സർവ്വീസിൽ പ്രവേശിച്ച അദ്ദേഹം 27 വർഷത്തെ സേവനത്തിനു ശേഷമാണ് പെർമനന്റ് ഫാം ലേബറർ തസ്തികയിൽ നിന്നും വിരമിച്ചത്.

അഞ്ജലി.ജി.ആർ, അശ്വതി .ജി.ആർ, രാഹുൽ കൃഷ്ണൻ എന്നിവരാണ് രാധാകൃഷ്ണപ്പിള്ളയുടെ മക്കൾ. കില ഡയറക്ടർ ജനറൽ ഡോ.ജോയ് ഇളമൺ രാധാകൃഷ്ണപ്പിള്ളയെ പൊന്നാടയണിയിച്ച് ആദരിച്ചു.

## ഭരണഘടന ആമുഖം: ഓഡിയോ പ്രകാശനം ചെയ്തു



കിലയുടെ കൊട്ടാരക്കര സെന്ററിൽ ഇന്ത്യൻ ഭരണഘടനയുടെ ആമുഖം ഓഡിയോ പ്രകാശനം കില ഡയറക്ടർ ജനറൽ ഡോ. ജോയ് ഇളമൺ നിർവ്വഹിക്കുന്നു.

കിലയുടെ കൊട്ടാരക്കര സെന്ററിൽനടന്ന ചടങ്ങിൽ ഇന്ത്യൻഭരണഘടനയുടെ ആമുഖം ചൊല്ലലിന്റെ ഓഡിയോ പ്രകാശനം കില ഡയറക്ടർ ജനറൽ ഡോ. ജോയ് ഇളമൺ നിർവ്വഹിച്ചു.

ഇന്ത്യൻ ഭരണഘടനയുടെ ആമുഖം ചൊല്ലി ദിനചര്യകൾ തുടങ്ങുന്ന കിലകൊട്ടാരക്കരസെന്ററിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായാണ് ഓഡിയോ ലോഞ്ച് നിർവ്വഹിച്ചത്.

സർക്കാർ ഓഫീസുകൾക്ക് മാതൃകയായി എല്ലാ പ്രവർത്തിദിനങ്ങളിലും രാവിലെ 10.10 ഓടെ ആമുഖം വായിച്ചുകൊണ്ടാണ് സെന്റർ പ്രവർത്തനം തുടങ്ങുന്നത്.

കൊല്ലം ജില്ലയെ സമ്പൂർണ്ണ ഭരണഘടനാ സാക്ഷരത നേടിയ ജില്ലയായി പ്രഖ്യാപിക്കുന്നതിന് ആശയപരമായ നേതൃത്വം നൽകി സംസ്ഥാനത്താദ്യമായി വിപുലമായ ക്യാംപെയ്ൻ സംഘടിപ്പിച്ചു പ്രവർത്തിച്ചത് കിലയാണ്.

ഭരണഘടനയുടെ പ്രാധാന്യം ഉൾക്കൊണ്ടു കൊണ്ടു തന്നെ ഇവിടെ കിലയുടെ പ്രധാന പരിശീലന ഹാളുകൾക്ക് പ്രിയാംബിൾ, സെക്കുലർ, ഫെഡറൽ എന്നിങ്ങനെ ഭരണഘടനാ ആമുഖത്തിലെ വാക്കുകളാണ് പേരിട്ടിട്ടുള്ളത്.

സിഎച്ച് ആർഡിയിലെ പ്രധാനഹാളിന് ഇന്ത്യൻ ഭരണഘടനാ ശിൽപ്പിയായ അംബേദ്കറിന്റെ പേരാണ് നൽകിയിരിക്കുന്നത്.

ജൂൺ ഒന്നിന് സംഘടിപ്പിച്ച ഓഡിയോ പ്രകാശന ചടങ്ങിൽ സിഎച്ച്ആർഡി ഡയറക്ടർ വി. സുദേശൻ, ബാബുരാജ് എ തുടങ്ങിയവർ സംബന്ധിച്ചു.

## അലങ്കാര ബാഗ്–സോപ്പ് നിർമ്മാണത്തിൽ പരിശീലനമൊരുക്കി കില

വിവിധതരം അലങ്കാര ബാഗുകളുടെയും സോപ്പ് -ഡിറ്റർജന്റുകളുടെയും നിർമ്മാണത്തിൽ പരിശീലനം നൽകി കിലയുടെ തളിപ്പറമ്പ് സെന്റർ. അലങ്കാര ബാഗ് നിർമ്മാണത്തിന്റെ ഔപചാരിക ഉദ്ഘാടനം തളിപ്പറമ്പ് കില സെന്റർ പ്രിൻസിപ്പൽ പി.എം.രാജീവ് നിർവ്വഹിച്ചു. കണ്ണൂർ ജില്ലയിലെ വിവിധ ബ്ലോക്കുകളിൽ നിന്നുള്ള 32ഓളം പരിശീലനാർത്ഥികൾ പങ്കെടുത്തു. മെയ് 14 മുതൽ 16 വരെയായിരുന്നു പരിശീലനം നൽകിയത്. വിവിധ തരം ടോട് ബാഗുകൾ,കോളെജ് ബാഗുകൾ,ലൈബ്രറി ബാഗുകൾ,മൊബൈൽ പൗച്ചുകൾ, റിവേഴ്സിബിൾ ബാഗ്, ട്രയാംഗുലർ പെഴ്സുകൾ, സിപ്പർ ഹാന്റ് ബാഗുകൾ തുടങ്ങിയവ നിർമ്മിക്കാനാണ് പരിശീലനം നൽകിയത്. കില ലക്ചർമാരായ ഡി.സിസ്ധു, ലിജി എ.ജെ, വിനയ.കെ, രജിത സി.പി.എം കോഴിക്കോട് തുടങ്ങിയവർ ക്ലാസുകൾ എടുത്തു.

സോപ്പ്, ഡിറ്റർജന്റ്, ഹാന്റ് വാഷ്,ഡിറ്റർജന്റ് പൗഡർ, ലോഷൻ എന്നിവയുടെ നിർമ്മാണത്തിലും തളിപ്പറമ്പ് സെന്ററിൽ പരിശീലനമൊരുക്കി. മെയ് 21 മുതൽ 23വരെ നടന്ന പരിശീലനത്തിൽ കണ്ണൂർ ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ നിന്നായി 58ഓളം പേർ പങ്കെടുത്തു. തളിപ്പറമ്പ് സെന്റർ പ്രിൻസിപ്പൽ പി.എം. രാജീവ് ഉദ്ഘാടനം നിർവ്വഹിച്ചു. കോഴ്സ് കോ-ഓർഡിനേറ്റർ ശിവപ്രസാദ് സ്വാഗതം പറഞ്ഞു. പ്രജീഷ് കുമാർ കോഴിക്കോട്, കെ. പ്രഭാകരൻ, കില ലക്ചർമാരായ ലിജി എ.ജെ, വിനയ, കെ. ശിവപ്രസാദ് എന്നിവർ ക്ലാസെടുത്തു.



അലങ്കാര ബാഗ്-സോപ്പ് നിർമ്മാണത്തിൽ കിലയുടെ തളിപ്പറമ്പ് സെന്ററിൽ നടന്ന പരിശീലനത്തിൽ നിന്നും



കിലയുടെ പ്രവർത്തന വീഡിയോ സമാഹാരത്തിന്റെ പ്രകാശനം മുളങ്കുന്നത്തുകാവ് കില ആസ്ഥാനത്തു നടന്ന ചടങ്ങിൽ തദ്ദേശ സ്വയംഭരണ-എക്സൈസ് വകുപ്പ് മന്ത്രി എം.ബി. രാജേഷ് നിർവ്വഹിക്കുന്നു. കില ഡയറക്ടർ ജനറൽ ഡോ. ജോയ് ഇളമൺ, ജനപ്രതിനിധികൾ, ജീവനക്കാർ തുടങ്ങിയവർ സമീപം

# വീഡിയോ സമാഹാരം റിലീസ് ചെയ്തു

കിലയിലെ വിവിധ പ്രവർത്തനങ്ങളുടെ വീഡിയോ സമാഹാരം തദ്ദേശ സ്വയംഭരണ-എക്സൈസ് വകുപ്പ് മന്ത്രി എം.ബി.രാജേഷ് പ്രകാശനം ചെയ്തു.

മെയ് 20ന് മുളങ്കുന്നത്തുകാവ് കില ആസ്ഥാനത്ത് നടന്ന ചടങ്ങിലായിരുന്നു മന്ത്രി പ്രകാശനം നിർവ്വഹിച്ചത്.

17 വീഡിയോകളാണ് സമാഹാരത്തിൽ ഉൾപ്പെട്ടിരുന്നത്. കില ഡയറക്ടർ ജനറൽ ഡോ.ജോയ് ഇളമൺ, കില ഡെപ്യൂട്ടി ഡയറക്ടർ & ഫിനാൻസ് ഓഫീസർ ഗിരിജാദേവി. ആർ, കില അസിസ്റ്റന്റ് ഡയറക്ടർ ഉണ്ണികൃഷ്ണൻ കെ.പി, തുടങ്ങി കിലയിലെ മുതിർന്ന ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും വീഡിയോ പ്രകാശന ചടങ്ങിൽ സംബന്ധിച്ചു.

തുടർന്ന് കിലയിലെ സ്വരാജ് ഓഡിറ്റോറിയത്തിൽ വീഡിയോ പ്രദർശനവും സംഘടിപ്പിച്ചു.

# ബാല സൗഹൃദ തദ്ദേശ ഭരണം : കൺസോർഷ്യം സംഘടിപ്പിച്ചു

ബാലസൗഹൃദ തദ്ദേശ ഭരണം സംബന്ധിച്ചുള്ള സംസ്ഥാനതല കൺസോർഷ്യം തിരുവനന്തപുരത്ത് സംഘടിപ്പിച്ചു. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ.ശർമ്മിളമേരിജോസഫ് ഐഎഎസ് ആമുഖാവതരണം നടത്തി. കില ഡയറക്ടർ ജനറൽ ഡോ.ജോയ് ഇളമൺ, കില അസിസ്റ്റന്റ് ഡയറക്ടർ(പരിശീലനം) ഡോ.അമൃത കെ.പി.എൻ സംസാരിച്ചു.

കുട്ടികളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും പ്രതിനിധികളും, വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളും, ഈ മേഖലയിൽ പ്രാവീണ്യമുള്ള പ്രവർത്തകരുമെല്ലാം യോഗത്തിൽ സംബന്ധിച്ചിരുന്നു. ബാലസൗഹൃദ തദ്ദേശ ഭരണം ശക്തിപ്പെടുത്താനുള്ള 11 തീമുകളുടെ അപ്രോച്ച് പേപ്പറുകൾ, ലോക്കൽ പ്ലാൻ ഓഫ് ആക്ഷൻ, ഡിസ്ട്രിക്ട് പ്ലാൻ ഓഫ് ആക്ഷൻ, ബാലസുരക്ഷ സംരക്ഷണ സമിതി എന്നിവയെപ്പറ്റിയുള്ള അവതരണങ്ങളും തുടർ ചർച്ചകളുമായിരുന്നു രണ്ട് ദിവസങ്ങളിലായി സംഘടിപ്പിച്ചത്.




തിരുവനന്തപുരത്ത് സംഘടിപ്പിച്ച ബാലസൗഹൃദ തദ്ദേശഭരണം കൺസോർഷ്യത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ.ശർമ്മിള മേരി ജോസഫ് സംസാരിക്കുന്നു. സമീപം കില ഡയറക്ടർ ജനറൽ ഡോ.ജോയ് ഇളമൺ, കില അസിസ്റ്റന്റ് ഡയറക്ടർ (പരിശീലനം)ഡോ.അമൃത കെ.പി.എൻ, കില സിഎച്ച്ആർഡി ഡയറക്ടർ വി.സുദേശൻ, യുണിസെഫ് പ്രതിനിധി അനന്യ ഘോഷാൽ തുടങ്ങിയവർ.

# കിലയിൽ സംഘടിപ്പിച്ച ആർത്തവ ശുചിത്വ ദിനാചരണ ശിൽപ്പശാല ശ്രദ്ധേയം

ആർത്തവ ശുചിത്വദിനാചരണത്തോടനുബന്ധിച്ച് കിലയിൽ സംഘടിപ്പിച്ച ശിൽപ്പശാല ശ്രദ്ധേയമായി. ശിൽപ്പശാല തദ്ദേശ സ്വയംഭരണ വകുപ്പ്- വുമൺ ആന്റ് ചൈൽഡ് ഡവലപ്മെന്റ് കമ്മിറ്റി പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ശർമ്മിള മേരി ജോസഫ് ഐഎഎസ് ഉദ്ഘാടനം ചെയ്തു.

ആർത്തവമെന്നത് പ്രകൃത്യാലുണ്ടാവുന്ന സ്വാഭാവികമായ അവസ്ഥയാണെന്നും മാറ്റി നിർത്തപ്പെടേണ്ടതല്ലെന്നുമുള്ള അവബോധം നൽകാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുന്നിട്ടിറങ്ങുന്നത് അഭിനന്ദനാർഹമാണെന്നും, അത് സാമൂഹിക പുരോഗതിക്ക് അവശ്യമാണെന്നും ഡോ.ശർമ്മിള മേരി ജോസഫ് പറഞ്ഞു.



ആർത്തവ ശുചിത്വദിനാചരണത്തോടനുബന്ധിച്ച് കിലയിൽ സംഘടിപ്പിച്ച ശിൽപ്പശാലയെ അഭിസംബോധന ചെയ്ത് കില ഡയറക്ടർ ജനറൽ ഡോ.ജോയ് ഇളമൺ സംസാരിക്കുന്നു.

വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രതിനിധീകരിച്ച് പുരുഷന്മാരായ ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമായിരുന്നു ശിൽപ്പശാലയിൽ പങ്കെടുത്തത്.

കില ഡയറക്ടർ ജനറൽ ഡോ.ജോയ് ഇളമൺ ആമുഖാവതരണം നടത്തി. പരിയാരംമെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം മേധാവി ഡോ. എ. കെ. ജയശ്രീ മുഖ്യ പ്രഭാഷകയായി. കില അസിസ്റ്റന്റ് ഡയറക്ടർ (പരിശീലനം) ഡോ.അമൃത കെ.പി.എൻ, യുണിസെഫ് പ്രതിനിധി അനന്യ ഘോഷാൽ തുടങ്ങിയവരും സംസാരിച്ചു.

വിവിധ പഞ്ചായത്തുകളിൽ നിന്നുള്ള പ്രതിനിധികൾ തങ്ങളുടെ മേഖലയിൽ ചെയ്തുവരുന്ന പ്രവർത്തനങ്ങളെയും അനുഭവങ്ങളെയും പരിചയപ്പെടുത്തി. കില യൂത്ത് അംബാസിഡർമാരുടെയും ഏജൻസികളുടെ പ്രസന്റേഷനും ഉണ്ടായിരുന്നു.

ഉച്ചകഴിഞ്ഞ് നടന്ന സെഷനിൽ ഡോ.എ.കെ.ജയശ്രീ,ഡോ.പൂർണ്ണിമ, ഡോ.വിനീത, ഡോ.ജോയ് ഇളമൺ, തുടങ്ങിയവരുമായി സംവാദവും നടത്തി. കിലയും യൂണിസെഫും സംയുക്തമായാണ് ആർത്തവ ശുചിത്വ ശിൽപ്പശാല സംഘടിപ്പിച്ചത്.




*ശുചിത്വവും ഹരിതാഭവുമായ ഗ്രാമം പരിശീലക പരിശീലന യോഗത്തെ അഭിസംബോധന ചെയ്ത് കില ഡയറക്റ്റർ ജനറൽ ഡോ.ജോയ് ഇളമൺ സംസാരിക്കുന്നു*

# ശുചിത്വവും ഹരിതാഭവുമായ ഗ്രാമം സൃഷ്ടിക്കലിൽ പരിശീലനം

സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവത്ക്കരണവുമായി ബന്ധപ്പെട്ട് ശുചിത്വവും ഹരിതാഭവുമായ ഗ്രാമം എന്ന വിഷയാധിഷ്ഠിത ലക്ഷ്യത്തിനായി പരിശീലക പരിശീലനം സംഘടിപ്പിച്ചു.

കില ഡയറക്റ്റർ ജനറൽ ഡോ. ജോയ് ഇളമൺ പരിശീലനത്തെ അഭിസംബോധന ചെയ്തു സംസാരിച്ചു.

കില കൺസൾട്ടന്റുമാരായ രേണുകുമാർ, സി.പി. സുനിൽ, ഫാക്വൽറ്റി സുകന്യ കെ.യു തുടങ്ങിയവർ സംസാരിച്ചു.

മെയ് 20, 21 തീയതികളിലായി മുളങ്കുന്നത്തുകാവിലെ കില ആസ്ഥാനത്തായിരുന്നു പരിശീലനം സംഘടിപ്പിച്ചത്.

പ്രസ്തുത പരിശീലനത്തിൽ വിവിധ ജില്ലകളിൽ നിന്നും റിസോർഴ്സ് പേർസൺമാർ, ആർജിഎസ്എ തീമാറ്റിക് എക്സ്പെർട്സ് എന്നിവർ ഉൾപ്പെടെ 155 പേർ പങ്കെടുത്തു.

# കാര്യശേഷി വികസന പരിശീലനം പുനരാരംഭിച്ചു

കിലയിൽ നടന്നുവരുന്ന കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കുള്ള കാര്യശേഷി വികസന പരിശീലനം പുനരാരംഭിച്ചു. മെയ് ആറ്-എട്ട് തിയ്യതികളിലായി വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള 30ഓളം പ്രതിനിധികൾ കാര്യശേഷി വികസന പരിശീലനത്തിൽ പങ്കെടുത്തു. പുതിയ കാലഘട്ടത്തിന്റെ വെല്ലുവിളികളും അവസരങ്ങളും സാധ്യതകളും തിരിച്ചറിഞ്ഞ് സുസ്ഥിര വികസന മാതൃകകൾ സൃഷ്ടിക്കുന്ന പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനങ്ങൾക്ക് പുതിയ ദിശാബോധം ഒരുക്കുകയെന്നതാണ് പരിശീലനം ലക്ഷ്യമാക്കുന്നത്.

ഗ്രാമപഞ്ചായത്ത് അധ്യക്ഷൻ,സ്റ്റാന്റിങ് കമ്മറ്റി ചെയർമാൻമാർ ഉൾപ്പെടെയുള്ള മുഴുവൻ ജനപ്രതിനിധികൾക്കുമായാണ് മൂന്നു ദിന പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നത്.



*കിലയിൽ സംഘടിപ്പിച്ച ലൈബ്രേറിയന്മാർക്കുള്ള പരിശീലക പരിശീലനത്തിൽ കില അസിസ്റ്റന്റ് ലൈബ്രേറിയനായ ഒ.മഞ്ജു ക്ലാസെടുക്കുന്നു.*

# ലൈബ്രറി മാനെജ്മെന്റ് പരിശീലകർക്കുള്ള പരിശീലനം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ലൈബ്രറികളെ ശാക്തീകരിക്കുകഎന്ന ലക്ഷ്യത്തോടെ കിലയിൽ ലൈബ്രേറിയന്മാർക്കുള്ള പരിശീലക പരിശീലനം സംഘടിപ്പിച്ചു.

കില ഹെഡ്ക്വാർട്ടേഴ്സിൽ മെയ് 17,18 തിയതികളിലായായിരുന്നു പരിശീലനം.

ലൈബ്രറി ആന്റ് ഇൻഫർമേഷൻ മാനെജ്മെന്റിന്റെ ഭാഗമായി വരുന്ന മാസങ്ങളിൽ നടക്കുന്ന ട്രെയ്നിങ്ങിന് മുന്നോടിയായാണ് പരിശീലകർക്കുള്ള പരിശീലനം നൽകിയത്.

വിദ്യാഭ്യാസ വിദഗ്ധർ, മികച്ച പ്രവർത്തനം കാഴ്ചവെച്ച പഞ്ചായത്ത് ലൈബ്രറികളിൽ നിന്നുള്ള ലൈബ്രേറിയന്മാർ തുടങ്ങിയവരെ തെരഞ്ഞെടുത്താണ് കില പരിശീലകർക്കായി പ്രത്യേക പരിശീലനം നൽകിയത്.





*വിവരാവകാശ നിയമം സംബന്ധിച്ച് കിലയുടെ കൊട്ടാരക്കര സിഎച്ച്ആർഡി സെന്ററിൽ സംഘടിപ്പിച്ച പരിശീലനത്തിൽ നിന്ന്*

# വിവരാവകാശം: പരിശീലനം നൽകി

കിലയുടെ കൊട്ടാരക്കര സിഎച്ച്ആർഡി സെന്ററിൽ വിവരാവകാശ നിയമം വിനിയോഗിക്കുന്നതു സംബന്ധിച്ച പരിശീലനം സംഘടിപ്പിച്ചു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർക്കും മറ്റ് സർക്കാർ സേവനങ്ങളിലെ ജീവനക്കാർക്കുമായാണ് പരിശീലനം നടത്തിയത്.

മെയ് 29,30 തിയ്യതികളിലായാണ് ദ്വിദിന പരിശീലനം നടന്നത്.

വിവരാവകാശ നിയമം സംബന്ധിച്ച് മികച്ച അവബോധം നൽകുകയെന്നതാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉൾപ്പെടെ ജീവനക്കാർക്ക് പരിശീലനം നൽകിയതിന്റെ ലക്ഷ്യം.



*കിലയും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനമായ ശ്രീപതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനെജ്മന്റ് ആന്റ് ടെക്നോളജിയും തമ്മിലുള്ള ധാരണാ പത്രത്തിൽ കില ഡയറക്റ്റർ ജനറൽ ഡോ.ജോയ് ഇളമൺ ശ്രീപതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനെജ്മന്റ് പ്രിൻസിപ്പൽ ഡോ.എസ്.പി.സുബ്രഹ്മണ്യനും ഒപ്പുവെക്കുന്നു. കില കൺസൾട്ടന്റ് ഡോ. എസ്. ശ്രീകുമാർ, അസി. പ്രൊഫ. ഡോ. മോനിഷ് ജോസ്, ശ്രീപതി ഇൻസ്റ്റിറ്റ്യൂട്ട് ഫാകൽറ്റി ഡോ. സാഗർ എം. നാരായണൻ തുടങ്ങിയവർ സമീപം.*

# കിലയും ശ്രീപതി ഇൻസ്റ്റിറ്റ്യൂട്ടും ധാരണാപത്രത്തിൽ ഒപ്പുവെച്ചു

കാലാവസ്ഥാ വ്യതിയാനത്തിലെ പ്രാദേശിക ഇടപെടലുകൾ സംബന്ധിച്ച് കിലയും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനമായ ശ്രീപതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനെജ്മന്റ് ആന്റ് ടെക്നോളജിയും സഹകരിച്ച് പ്രവർത്തിക്കാൻ തീരുമാനമായി. ഇതു സംബന്ധിച്ചുള്ള ധാരണാപത്രത്തിൽ ഇരുകൂട്ടരും ഒപ്പുവച്ചു. പ്രാദേശിക ഇടപെടലുകൾക്ക് നൂതന സാങ്കേതിക വിദ്യകൾ എങ്ങനെ പ്രയോജനകരമാക്കാം എന്നതിലും മറ്റ് അക്കാദമിക് പ്രവർത്തനങ്ങളിലും സഹകരിച്ച് പ്രവർത്തിക്കാനാണ് ധാരണയായത്. ഇതിലൂടെ നവീന സാങ്കേതിക വിദ്യകളുടെ സഹായത്തോടെ മണ്ണിടിച്ചിൽ ഉൾപ്പെടെയുള്ള കാലാവസ്ഥാ പ്രതിസന്ധികളെ മുൻകൂട്ടി അറിയാനും പ്രതിരോധ നടപടികൾ സ്വീകരിക്കാനുമാണ് ലക്ഷ്യമിടുന്നത്. പാലക്കാട് ജില്ലയിലെ കൂറ്റനാടാണ് ശ്രീപതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനെജ്മന്റ് ആന്റ് ടെക്നോളജി പ്രവർത്തിക്കുന്നത്. ധാരണാപത്രം ഒപ്പുവെക്കൽ വേളയിൽ ശ്രീപതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനെജ്മന്റ് ആന്റ് ടെക്നോളജി പ്രിൻസിപ്പൽ ഡോ.എസ്.പി. സുബ്രഹ്മണ്യൻ, ഫാകൽറ്റി ഡോ.സാഗർ എം.നാരായണൻ, സിവിൽ എഞ്ചിനീയറിങ് ഡിപ്പാർട്ട്മെന്റ് ഹെഡ് ഡോ.രാഹുൽ ടി.എസ് തുടങ്ങിയവർ സംബന്ധിച്ചു.

# കുടുംബശ്രീ മെമ്പർ സെക്രട്ടറിമാർക്ക് പരിശീലനം നൽകി

കേരളത്തിലെ ഗ്രാമീണ കുടുംബശ്രീ സീഡിസുകളുടെമെമ്പർ സെക്രട്ടറിമാർക്കുള്ള ദ്വിദിന പരിശീലനം മുളങ്കുന്നത്തുകാവിലെ കില ആസ്ഥാനത്ത് നടത്തി.

മെയ് ആറ്-ഏഴ്, ഒൻപത്-പത്ത്, 13-14 തീയ്യതികളിലായി മൂന്ന് ബാച്ചുകളായാണ് പരിശീലനം സംഘടിപ്പിച്ചത്.

പരിശീലനംകുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്റ്റർ ജാഫർ മാലിക് ഐഎഎസ് ഉദ്ഘാടനംചെയ്തു.

കില ഡയറക്ടർ ജനറൽ ജോയ് ഇളമൺ മുഖ്യാതിഥിയായി. കുടുംബശ്രീ ജില്ലാ മിഷൻ കോഡിനേറ്റർ ഡോ. കവിത അധ്യക്ഷത വഹിച്ചു.

കുടുംബശ്രീ സ്റ്റേറ്റ് പ്രോഗ്രാം മാനേജർ നിഷാദ് സി.സി. സ്വാഗതവും, അസിസ്റ്റന്റ് സ്റ്റേറ്റ് പ്രോഗ്രാം മാനേജർ മുനീറ നന്ദിയും പറഞ്ഞു.

കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ പ്രത്യേകതകളെക്കുറിച്ച് നിഷാദ് സി.സി, കുടുംബശ്രീയും മൈക്രോഫിനാൻസും എന്ന വിഷയത്തെക്കുറിച്ച് സ്റ്റേറ്റ് പ്രോഗ്രാം മാനെജരായ ബഷീർ, കുടുംബശ്രീയും ഉപജീവനത്തെക്കുറിച്ച് എറണാകുളം ജില്ലാ മിഷൻ കോഡിനേറ്റർറജീന, കുടുംബശ്രീയും സാമൂഹ്യവികസനവും എന്ന വിഷയത്തെക്കുറിച്ച് സ്റ്റേറ്റ് പ്രോഗ്രാം മാനെജർ പ്രഭാകരൻ, വ്യക്തിത്വ വികസനത്തെക്കുറിച്ച് അനിയൻ കുഞ്ഞ് എന്നിവർ ക്ലാസുകൾ കൈകാര്യം ചെയ്തു.

# ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്ക് റിഫ്രഷർ പരിശീലനം സംഘടിപ്പിച്ചു

വിവിധ ജില്ലകളിലെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്ക് റിഫ്രഷർ പരിശീലനം സംഘടിപ്പിച്ചു.

കിലയുടെ കൊട്ടാരക്കര സെന്ററിൽ വച്ചായിരുന്നു പരിശീലനം. പഞ്ചായത്തീരാജ് സംവിധാനത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ അധികാരങ്ങളും ചുമതലകളും കർത്തവ്യങ്ങളും എന്തൊക്കെയാണെന്നാണ് പരിശീലനത്തിൽ ഉൾപ്പെട്ടിരുന്നത്.കൂടാതെ വിവിധ തരം മാനെജ്മന്റ് വിഷയങ്ങളും സെൻട്രലി സ്പോൺസേഡ് സ്കീമുകളെ കുറിച്ചുള്ള വിശദീകരണങ്ങളും ചർച്ചകളും നടത്തി.

വിവരാവകാശ നിയമം, സുസ്ഥിര വികസന ലക്ഷ്യങ്ങൾ തുടങ്ങിയവയും ഉൾപ്പെടുത്തിയിരുന്നു. മെയ് 21 മുതൽ 25വരെയായിരുന്നു പരിശീലനം നൽകിയത്.



*കൊട്ടാരക്കരയിലെ കില സെന്ററിൽ നടത്തിയ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കുള്ള റിഫ്രഷർ പരിശീലനത്തിൽ നിന്ന്. കില സിഎച്ച്ആർഡി ഡയറക്റ്റർ വി.സുദേശൻ, ഫാകൽറ്റി ഡോ.ജിബിനി വി. കുര്യൻ തുടങ്ങിയവർ സംസാരിക്കുന്നു*

# കില സന്ദർശിച്ച് തമിഴ്നാട്ടിലെ വിദ്യാർത്ഥി സംഘം

അധികാര വികേന്ദ്രീകരണത്തിന്റെ മാതൃക നേരിട്ട് മനസിലാക്കുന്നതിനായി തമിഴ്നാട് സംസ്ഥാനത്തിലെ ദാൻ അക്കാദമിയിൽ നിന്നുള്ള വിദ്യാർത്ഥി സംഘം കില സന്ദർശിച്ചു.

വിവിധ കോഴ്സുകൾ പഠിയ്ക്കുന്ന 33 കോളേജ് വിദ്യാർത്ഥികളാണ് കിലയിൽ രണ്ടു ദിവസത്തെ സന്ദർശനത്തിനായി എത്തിയത്.

ത്രിതല പഞ്ചായത്ത് സംവിധാനത്തെ കുറിച്ചായിരുന്നു ആദ്യ ദിനത്തിൽ കിലയിൽ നിന്നും മനസ്സിലാക്കിയത്.

വികേന്ദ്രീകരണ സംവിധാനത്തിന്റെ പ്രത്യേകതകളെ കുറിച്ച് കിലയിലെ മുൻ ഡെപ്യൂട്ടി ഡയറക്ടർ ബാബു.കെ.കെ സംസാരിച്ചു. ത്രിതല സംവിധാനത്തിലെ ധനവിനിയോഗത്തെ സംബന്ധിച്ച് കില കൺസൾട്ടന്റ് സി.പി.സുനിൽ വ്യക്തമാക്കി. തുടർന്ന് അധികാര വികേന്ദ്രീകരണത്തിലെ പങ്കാളിത്ത ആസൂത്രണത്തെ സംബന്ധിച്ച് കില കൺസൾട്ടന്റ് എം.ജി.കാളിദാസൻ ക്ലാസെടുത്തു.

രണ്ടാംദിനം തൃശൂർ ജില്ലയിലെ തളിക്കുളം, പാറാളം എന്നീ ഗ്രാമപഞ്ചായത്തുകളും പ്രസ്തുത സംഘം സന്ദർശിച്ച ശേഷമാണ് സംഘം മടങ്ങിയത്.



*തമിഴ്നാട്ടിൽ നിന്നുള്ള വിദ്യാർത്ഥികൾ കില സന്ദർശിച്ചപ്പോൾ.*

# മൊഡ്യൂൾ തയ്യാറാക്കൽ ശിൽപ്പശാല

സുസ്ഥിര വികസനലക്ഷ്യങ്ങളുടെ പ്രാദേശികവത്കരണത്തിന്റെ ഭാഗമായി നടത്തുന്ന പരിശീലനത്തിനുള്ള മൊഡ്യൂൾ തയാറാക്കൽ ശിൽപ്പശാല കിലയിൽ നടത്തി. സ്വയംപര്യാപ്തത-അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ സദ്ഭരണ ഗ്രാമം എന്ന ലക്ഷ്യത്തോടെയാണ് പരിശീലനം സംഘടിപ്പിക്കുന്നത്.

മെയ് 15,16 തിയതികളിലായി നടന്ന ശിൽപ്പശാലയെ കില ഡയറക്ടർ ജനറൽ ഡോ.ജോയ് ഇളമൺ അഭിസംബോധന ചെയ്തു.

പിഐഇ ആന്റ് എംഡി അണ്ടർ സെക്രട്ടറി ഡോ. പി. ശശികുമാർ (കെ.എ.എസ്), കില ഫാകൽറ്റിമാരായ രേണുകുമാർ.എം, സുകന്യ കെ.യു, കൺസൾട്ടന്റുമാരായ കണ്ണൻ നായർ,

സി.പി. സുനിൽ, കില റിസോഴ്സ് പേഴ്സൺസ്, തീമാറ്റിക് എക്സ്പേർട്സ്, കില കോ-ഓർഡിനേറ്റർ മാർതുടങ്ങിയവരുൾപ്പെടെ 23 പേർ ശിൽപ്പശാലയിൽ പങ്കെടുത്തു.



കില സിഎസ്ഇഡി സെന്ററിൽ നടന്ന ചക്കയുൽപ്പന്ന നിർമ്മാണ പരിശീലനം പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണം പ്രിൻസിപ്പൽ ഇൻ ചാർജ്ജ് എ.ബാബുരാജ് നിർവ്വഹിക്കുന്നു, ലക്ചറർ ജലന്തർ.വി സമീപം.



സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവത്കരണത്തിന്റെ ഭാഗമായി കിലയിൽ നടന്ന മൊഡ്യൂൾ തയാറാക്കൽപരിശീലന ശിൽപ്പശാലയിൽ നിന്ന്

# ചക്കയിൽ നിന്നുള്ള ഉൽപ്പന്ന നിർമ്മാണ പരിശീലനം

കിലയുടെ കൊട്ടാരക്കര സെന്ററിൽ ചക്കയിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണ പരിശീലനം നൽകി.

സിഎസ്ഇഡി സെന്ററിൽ മെയ് 28 മുതൽ 30വരെയായിരുന്നു പരിശീലനം.

ജാം നിർമ്മാണം, സ്ക്വാഷ് ഉൽപ്പന്നങ്ങൾ, ഐസ്ക്രീം, ബിരിയാണ്,ഇടിച്ചക്ക സ്റ്റ്യൂ, കട്ലറ്റ്, ചക്കക്കുരു ലഡ്ഡു, തുടങ്ങിയവ നിർമ്മിക്കുന്ന രീതികളും പ്രത്യേകതകളുമാണ് പരിശീലിപ്പിച്ചത്.

പരിശീലനത്തിൽ പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റുകളുടെ വിതരണം പ്രിൻസിപ്പൽ ഇൻ ചാർജ്ജ് എ. ബാബുരാജ് നിർവ്വഹിച്ചു.

പരിശീലന സമാപന യോഗത്തിൽ കോഴ്സ് കോർഡിനേറ്റർ ജലന്തർ.വി നന്ദിയും പറഞ്ഞു.

# ജെന്റർ റിസോഴ്സ് അംഗങ്ങൾക്കായി നടത്തിയ ബ്ലോക്ക്തല പരിശീലനം ശ്രദ്ധേയം

ജെന്റർ റിസോഴ്സ് സെന്റർ അംഗങ്ങൾക്കുള്ള ബ്ലോക്ക് തല പരിശീലനം സംഘടിപ്പിച്ചു. മെയ് 20-22, 23-25 തിയ്യതികളിലായി രണ്ടു ബാച്ചുകളായാണ് കോഴിക്കോട് നളന്ദ ഓഡിറ്റോറിയത്തിൽ പരിശീലനം സംഘടിപ്പിച്ചത്.

പരിശീലനത്തിൽ കോഴിക്കോട്, കാസർഗോഡ്, വയനാട് ജില്ലകളിലെ തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തിലെ ജി.ആർ.സി മെമ്പർമാർ പങ്കെടുത്തു. പരിപാടിയുടെ ഉദ്ഘാടനം കില അസിസ്റ്റന്റ് ഡയറക്ടർ (പരിശീലനം) ഡോ. അമൃത കെപിഎൻ നിർവ്വഹിച്ചു.

കോഴിക്കോട് ജില്ലാ ഫെസിലിറ്റേറ്റർ പ്രമോദ് പി.ജി. സ്വാഗതം പറഞ്ഞു. കോർഡിനേറ്റർ വിനീത്. കെ ആമുഖ അവതരണം നടത്തി.

ആദ്യ സെഷനിൽ ജെൻഡർ, സെക്സ്, സെക്ഷ്വാലിറ്റി എന്നിവയ്ക്കൊരു ആമുഖം എന്ന വിഷയത്തിൽ ഡോ.വിജയരാജ മല്ലിക, സാവിത്രി വി.എൽ എന്നിവരും നീതിക്കായുള്ള ജെൻഡർ ക്വിയർ പോരാട്ടങ്ങൾ എന്ന വിഷയത്തിൽ അനഘ്,റിൽഫ റോസ് ജോസ് എന്നിവരും സംസാരിച്ചു.

ജെൻഡർ,സെക്ഷ്വാലിറ്റി മിഥ്യകളും ധാരണകളും എന്ന വിഷയത്തിൽ സന്തോഷ് കുമാർ കെ.സി സംസാരിച്ചു.

തുടർന്നുള്ള ദിവസങ്ങളിൽ വിവിധ വിഷയങ്ങളിലായി അനിതാ ബാബുരാജ്,രോഹിണി മുത്തൂർ തുടങ്ങിയവരും ക്ലാസുകൾ നൽകി.

രണ്ടുബാച്ചുകളിലായി 150 ലധികം പരിശീലനാർത്ഥികളാണ് പരിശീലനത്തിൽ പങ്കെടുത്തത്.



കോഴിക്കോട് നളന്ദ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ജെന്റർ റിസോഴ്സ് അംഗങ്ങൾക്കുള്ള പരിശീലന പരിപാടി ഉദ്ഘാടനം ചെയ്ത് കില അസിസ്റ്റന്റ് ഡയറക്ടർ (പരിശീലനം) ഡോ.അമൃത കെ.പി.എൻ സംസാരിക്കുന്നു. ഡോ.വിജയരാജ മല്ലിക,സാവിത്രി.വിഎൽ തുടങ്ങിയവർ സമീപം.



കിലയിൽ നടന്ന ദാരിദ്ര്യ രഹിതവും ഉയർന്ന ഉപജീവനമാർഗവുമുള്ള ഗ്രാമം എന്ന ലക്ഷ്യത്തിലേക്കുള്ള പരിശീലനത്തിന്റെ മൊഡ്യൂൾ തയ്യാറാക്കൽ ശിൽപ്പശാലയിൽ നിന്ന്. കില ഡയറക്ടർ ജനറൽ ഡോ.ജോയ് ഇളമൺ സംസാരിക്കുന്നു. ലക്ചറർ ഡോ. വിനോദ് കുമാർ.സി, റിസർച്ച് അസോസിയേറ്റ് സുകന്യ കെ.യു തുടങ്ങിയവർ സമീപം.

# ദാരിദ്ര്യ രഹിതഗ്രാമം: ശിൽപ്പശാല നടത്തി

സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവത്ക്കരണം സംബന്ധിച്ച് ദാരിദ്ര്യ രഹിതവും ഉയർന്ന ഉപജീവനമാർഗവുമുള്ള ഗ്രാമം എന്ന ലക്ഷ്യത്തോടെ നടത്തുന്ന പരിശീലനത്തിന്റെ മൊഡ്യൂൾ തയ്യാറാക്കൽ ശിൽപ്പശാല കിലയിൽ സംഘടിപ്പിച്ചു.

കില ഡയറക്ടർ ജനറൽ ഡോ.ജോയ് ഇളമൺ, കില ഫാകൽറ്റിമാരായ ഡോ.വിനോദ് കുമാർ.സി, സുകന്യ കെ.യു തുടങ്ങിയവർ സംബന്ധിച്ചു.

മെയ് 17,18 തീയതികളിലായി തൃശൂരിലെ കില ആസ്ഥാനത്തായിരുന്നു ശിൽപ്പശാല നടന്നത്.

ശിൽപ്പശാലയിൽ കിലയുടെ റിസോഴ്സ് പെഴ്സൺമാർ, ആർജിഎസ്എ തീമാറ്റിക് എക്സ്പേർട്സ് എന്നിവരുൾപ്പെടെയുള്ളവർ സംസാരിച്ചു. ശിൽപ്പശാലയിൽ 23 പേർപങ്കെടുക്കുകയുണ്ടായി.

# കിലയുടെ സെന്റർ ഫോർ അർബൻ ഗവേണൻസ്

*(കഴിഞ്ഞലക്കം തുടർച്ച)*

### തിരുവനന്തപുരം-സിറ്റി ഓഫ് പീസ്

സമാധാന നഗരമായി ലോകശ്രദ്ധ നേടാനുള്ള തിരുവനന്തപുരത്തിന്റെ ശ്രമങ്ങളുടെ ഭാഗമായി ശാന്തമായ അന്തരീക്ഷം, ശേഷി വർദ്ധിപ്പിക്കൽ, വിദ്യാഭ്യാസം, സാമൂഹിക-വൈകാരിക നൈപുണ്യങ്ങൾ എന്നിവ വളർത്തിയെടുക്കാൻ കിലയും മുനിസിപ്പൽ കോർപ്പറേഷനും സഹകരിച്ച് പ്രവർത്തിക്കുകയാണ്. 2022 മാർച്ചിൽ കോർപ്പറേഷൻ ഈ പ്രമേയം അംഗീകരിച്ചു. 2030-ഓടെ തിരുവനന്തപുരം സമാധാന നഗരപദവി കൈവരിക്കാനുള്ള നീക്കത്തിലാണ്. എസ്ഡിജി 16ഹബ്ബ്(ഒസ്ലോ) ആണ് ഇതിൽ യുഎന്റെ പ്രധാന സ്ഥാപനം. ന്യൂഡൽഹിയിലുള്ള യുനെസ്കോ-എംജിഐഇപി മറ്റൊരു പ്രധാന സ്ഥാപനമാണ്. ഇതോടനുബന്ധിച്ച് 2022 ജൂലൈയിൽ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. വിവിധ അക്കാദമിക് സ്ഥാപനങ്ങളിലെ നഗരാസൂത്രണ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി മേയറുടെ എസ്ഡിജി ഫെലോഷിപ്പ് പ്രോഗ്രാമിലൂടെ നിലവിലെ സാഹചര്യത്തെ കുറിച്ച് നഗരത്തിലുടനീളം കില ഒരു വിലയിരുത്തൽ നടത്തുകയും ചെയ്തു.

യുനെസ്കോ എംജിഐഇപിയുമായി സഹകരിച്ച് ഒരു സിറ്റീസ് ഓഫ് പീസ് ഫോറം സ്ഥാപിക്കാനും തിരുവനന്തപുരം സ്ഥാപക അംഗമായി പ്രവർത്തിക്കാനും കില അർബൻ സെന്റർ ശ്രമം തുടരുന്നു. 2023 ഓഗസ്റ്റിൽ കിലയും മഹാത്മാഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഫോർഎഡ്യുക്കേഷൻ & സസ്റ്റെയ്നബിൾ ഡവലപ്മെന്റ് (എംജിഐഇപി)യും സംയുക്തമായി ഈ ലക്ഷ്യം മുന്നോട്ട് കൊണ്ടുപോകുന്നതിനായി ധാരണാപത്രത്തിൽഒപ്പുവച്ചു.

### കൊച്ചി:സിറ്റി ഓഫ് ഡിസൈൻ

പാരിസ്ഥിതികവും സാമൂഹികവും സാംസ്കാരികവുമായ ഒരുപാട് മാറ്റങ്ങൾ അതിവേഗം നടക്കുന്ന നഗരമായതിനാലാണ് ഇവയെല്ലാം കോർത്തിണക്കാൻ പറ്റിയ നൈപുണ്യം എന്ന നിലയിൽ ഡിസൈൻ എന്ന ആശയം കൊച്ചി മേയർ തെരഞ്ഞെടുത്തത്. തൃശൂരിനും കോഴിക്കോടിനും തിരുവനന്തപുരത്തിനും ഒപ്പംതന്നെ കൊച്ചി നഗരം പുതിയ ടാഗിലേയ്ക്ക് അടുത്തുകൊണ്ടിരിക്കുകയാണ്. സിറ്റിഓഫ്ഡിസൈൻ' എന്ന ടാഗിനായുള്ള പരിശ്രമത്തിലാണ് കൊച്ചി. ഇതിന്റെ പ്രവർത്തനങ്ങൾ ഏകദേശം പൂർത്തിയായി കഴിഞ്ഞു. കൊച്ചി മേയർ ഓഫീസും കിലയും സംയുക്തമായാണ് ഇതിന്റെ പ്രവർത്തനം നടത്തിവരുന്നത്. കൂടാതെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനും(എൻഐഡി) ഇതിന്റെ ഭാഗമാവുന്നു. കൗൺസിലർമാർ, പ്രധാന സ്ഥാപനങ്ങൾ, പൗരന്മാർ എന്നിവർക്കിടയിൽ ഡിസൈൻ സംബന്ധിച്ച് അവബോധം സൃഷ്ടിക്കാനായുള്ള പ്രവർത്തനത്തിന്റെ ഭാഗമായി 14 ഡിസൈൻ ഫെല്ലോഷിപ്പുകൾ സ്ഥാപിച്ചു. ഡിസൈൻ ചിന്തയെ ജനാധിപത്യവത്കരിയ്ക്കുക എന്ന ലക്ഷ്യത്തിന്റെ കൂടി ഭാഗമാണിത്.

### കൊല്ലം-ബയോഡൈവേഴ്സിറ്റി

ജൈവവൈവിധ്യങ്ങളുടെ നാടെന്ന നിലയിലാണ് കൊല്ലം നഗരത്തെ യുണിസെഫിന്റെ സിറ്റി ഓഫ് ബയോ ഡൈവേഴ് സിറ്റിയെന്ന ടാഗിലേയ്ക്ക് കൊണ്ടുവരാൻ കാരണമായത്. കൊല്ലം നഗരത്തിലും വിവിധ മേഖലകളിലുമായുള്ള സംരക്ഷിത വനപ്രദേശങ്ങളും പ്രകൃതി വൈവിധ്യങ്ങളുമെല്ലാം കൊല്ലം നഗരത്തെ ബയോഡൈവേഴ്'സിറ്റി'യെന്ന ടാഗിലേയ്ക്ക് നയിക്കുന്നു.

ഇതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു കഴിഞ്ഞു. ടികെഎം കോളെജ് ഓഫ് എഞ്ചിനീയറിങുമായി സഹകരിച്ച് ഇതിന്റെ ഭാഗമായുള്ള പഠന പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. കൊല്ലത്ത് ബയോഡൈവേഴ്"സിറ്റി" ടൂറിസം സർക്യൂട്ട് വികസിപ്പിക്കുന്നതിനുള്ള പദ്ധതി സംസ്ഥാന വിനോദ സഞ്ചാര വകുപ്പ് പ്രഖ്യാപിച്ചിട്ടുണ്ട്.

### കണ്ണൂർ-സിറ്റി ഓഫ് ഫോക് ആർട്സ് & ക്രാഫ്റ്റ്

ആചാരാ-അനുഷ്ഠാന വൈവിധ്യങ്ങളുടെ നാടാണ് കണ്ണൂർ. അനുഷ്ഠാന കലാ വൈവിധ്യം കൊണ്ടു മാത്രമല്ല, കരകൗശല വൈദഗ്ധ്യത്തിലും മലബാറിന്റെ മണ്ണിൽ സ്വതസിദ്ധമായ അടയാളം കുറിച്ചിട്ടുണ്ട് ഈ ജില്ല. അതുകൊണ്ടുതന്നെയാണ് സിറ്റി ഓഫ് ആർട്സ് ആന്റ് ക്രാഫ്റ്റ് എന്ന ടാഗ് ചേർത്ത് കണ്ണൂരിന്റെ വികസനത്തിന് പുതിയ മാനം നൽകാൻ തീരുമാനിച്ചത്. ഇതിന്റെ ഭാഗമായി വിവിധ സാംസ്കാരിക സംഘടനകളുമായി സഹകരിച്ചു പ്രവർത്തിയ്ക്കാനുള്ള നീക്കത്തിന് തുടക്കമായിട്ടുണ്ട്. തെയ്യം പോലുള്ള അനുഷ്ഠാന കലാപൂരങ്ങളുടെ വർക്ക്ഷോപ്പുകൾ സംഘടിപ്പിയ്ക്കാനും കോളെജുകളുമായി സഹകരിച്ച് പഠന പ്രവർത്തനങ്ങൾക്ക് നടത്താനും ശ്രമം നടന്നുവരുന്നു. ഇന്ത്യയിൽ നിന്ന് ജയ്പൂർ,ശ്രീ നഗർ നഗരങ്ങൾക്ക് ഈ അംഗീകാരം ലഭിച്ചിട്ടുണ്ട്.

### മേയേഴ്സ് എസ്ഡിജി ഫെലോഷിപ്പ് പ്രോഗ്രാം

വിപുലമായ തോതിലുള്ള പ്രാദേശിക നയങ്ങളും പരിപാടികളും ലക്ഷ്യമിടുന്ന നഗരസഭ മേയർമാർക്കു വേണ്ടി ഹ്രസ്വകാലത്തേക്കുള്ള പഠന/ഗവേഷണം കൂടാതെ ആശയപരമായ പിന്തുണയും നൽകി വരുന്നത് കിലയുടെ സെന്റർ ഫോർ അർബൻ ഗവേണൻസാണ്. ഇതിലൂടെ പ്രാദേശിക അടിസ്ഥാനത്തിൽ സുസ്ഥിര വികസനത്തിന് ആവശ്യമായ പ്രധാന തീമുകളെയും തന്ത്രങ്ങളെയും മനസ്സിലാക്കാനും നഗരതല വികസന ആസൂത്രണത്തിൽ മികച്ച അനുഭവ പരിചയം നേടാനും എസ്ഡിജി ഫെല്ലോസിനാവും. ഇത്തരത്തിൽ മേയർമാരോടൊത്തു പ്രവർത്തിക്കുന്ന എസ്ഡിജി ഫെല്ലോസിന്റെ രണ്ടു ബാച്ചുകളുടെ കാലാവധി ഇതിനോടകം പൂർത്തിയായിക്കഴിഞ്ഞു. കില നൽകുന്ന സമഗ്രപരിശീലനത്തിന് ശേഷമാണ് അർബൻ പ്ലാനിങിൽ മാസ്റ്റേഴ്സ് ബിരുദ/ബിരുദാനന്തര ബിരുദ ധാരികൾ നിയുക്ത മേയർമാരുടെ ടീമിൽ പ്രവർത്തിക്കുക.

### അർബൻ ആക്ഷൻ സ്കൂൾ

യുവ അർബൻ പ്രാക്ടീഷണർമാർക്കുള്ള ഒരു ആഴ്ച നീളുന്ന വർക്ക്ഷോപ്പ് പ്രോഗ്രാം അർബൻ ആക്ഷൻ സ്കൂൾ കിലയും ആക്ഷൻ എയ്ഡ് അസോസിയേഷൻ ഇന്ത്യ (എഎഎ), റോസ ലക്സംബർഗ് സ്റ്റിഫ്റ്റംഗ് (ആർഎൽഎസ്) എന്നിവയും സംയുക്തമായാണ് സംഘടിപ്പിച്ചത്. ദുർബലമായ കമ്മ്യൂണിറ്റികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുകയും അവർ നേരിടുന്ന നയപരമായ പ്രശ്നങ്ങൾ പഠിക്കുകയും പ്രതിഫലിപ്പിക്കുകയും ചെയ്യുന്നതിനുള്ള ഇടമാണ് അർബൻആക്ഷൻസ്കൂൾ. നഗര പ്രശ്നങ്ങളും ആശങ്കകളുംസംബന്ധിച്ച് ദേശീയതലത്തിൽ ചർച്ചകൾ സംഘടിപ്പിക്കലാണ് യുഎഎസിന്റെ ലക്ഷ്യം.

### ധാരണാ പത്രങ്ങൾ

നഗര വികസന സംബന്ധമായ തുടർ പ്രവർത്തനങ്ങൾക്കായി കിലയും വിവിധ സംഘടനകളും തമ്മിൽ സഹകരണം ഉറപ്പിയ്ക്കുന്നതിന്റെ ഭാഗമായി നിരവധി ധാരണാപത്രങ്ങളിൽ ഒപ്പുവച്ചിട്ടുണ്ട്. അക്കാഡമിക് സ്റ്റഡീസിന്റെ ഭാഗമായി റീജിയണൽ പ്ലാൻസ് ഫോർ തൃശൂർ ആന്റ് പാലക്കാട് ഡ്സ്ട്രിക്ട്സ്(എസ്പിഎഭോപാൽ), സിറ്റി ലെവൽ സ്റ്റഡീസ് ഓൺ തിരുവനന്തപുരം(എസ്പിഎ ഡൽഹി), കൊല്ലം(ടികെഎം), കൊച്ചി(എസ്പിഎ വിജയവാഡ), കോഴിക്കോട്,തൃശൂർ(എൻഐടിസി), ഷൊർണ്ണൂർ(എസ്പിഎ ഭോപ്പാൽ),കായംകുളം(ജാമിയ മിലിയ യൂണിവെഴ്സിറ്റി & ടികെഎം കൊല്ലം).

കിലയുമായി ധാരണാപത്രത്തിൽ ഒപ്പു വെച്ചിട്ടുള്ള അർബൻ മേഖലാ സ്ഥാപനങ്ങൾ-യുനെസ്കോ മഹാത്മാഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യുക്കേഷൻ ഫോർ പീസ് ആന്റ് സസ്റ്റെയ്നബിൾ ഡവലപ്മെന്റ്, ന്യൂഡെൽഹി (സിറ്റ് ഓഫ് പീസ്തിരുവനന്തപുരം-മൗഴ 2023). സ്കൂൾ ഓഫ് പ്ലാനിങ് ആന്റ് ആർക്കിടെക്ചർ,വിജയവാഡ (ജൂലൈ 2023), ഡിപ്പാർട്ട്മെന്റ് ഓഫ് ആർക്കിടെചർ ആന്റ് പ്ലാനിങ്,എൻഐറ്റി കാലിക്കറ്റ്(മെയ് 2023) സെന്റർ ഓഫ് എക്സലൻസ്, സ്കൂൾ ഓഫ് പ്ലാനിങ് ആന്റ് ആർക്കിടെക്ചർ ഭോപ്പാൽ(ഏപ്രിൽ 2023), ഫാക്വൽറ്റി ഓഫ് പ്ലാനിങ്,സിഇപിറ്റി യൂണിവെഴ്സിറ്റി,അഹമ്മദാബാദ് (മാർച്ച് 2023) സെന്റർ ഓഫ് എക്സലൻസ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ,അഹമ്മദാബാദ്(കൊച്ചി കോർപ്പോറേഷനുമായി സഹകരിച്ച് -സിറ്റി ഓഫ് ഡിസൈൻ)ഡിസംബർ 2022, സ്കൂൾ ഓഫ് പ്ലാനിങ് ആന്റ് ആർക്കിടെക്ചർ ന്യൂഡൽഹി(നവംബർ 2021) സെന്റർ ഓഫ് എക്സലൻസ്, സ്കൂൾ ഓഫ് ആർക്കിടെക്ചർ ആന്റ് പ്ലാനിങ് ജിഇസി തൃശൂർ (ഒക്റ്റോബർ2022), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അർബൻ അഫയേഴ്സ്, ന്യൂഡൽഹി (ഒക്റ്റോബർ 2021),വേൾഡ് അർബൻ ക്യാംപെയ്ൻ, യുഎൻ-ഹാബിറ്റാറ്റ് നെയ്റോബി (മെയ് 2021).

### ഇന്റേൺഷിപ്പ് പ്രോഗ്രാമുകൾ

യോഗ്യതയുള്ള പ്രൊഫഷണൽ മാർഗ്ഗനിർദ്ദേശത്തിന് കീഴിൽ തത്സമയ പരിശീലനങ്ങളും വിഷയത്തിന്റെ സാങ്കേതികതകളും വിദ്യാർത്ഥികളെ പരിചയപ്പെടുത്തൽ ലക്ഷ്യമിട്ട് കില നഗരാസൂത്രണ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് പരിശീലനം നൽകുന്നു. ഡാറ്റാ ശേഖരണം, ഡാറ്റ വിശകലനം, ദൃശ്യവൽക്കരണം, ഫീൽഡ് സർവേകൾ, മാപ്പ് തയ്യാറാക്കൽ, ഡിസൈൻ വ്യായാമങ്ങൾ, പങ്കാളികളുമായുള്ള മീറ്റിംഗുകൾ/ചർച്ചകൾ തുടങ്ങിയ സാങ്കേതികവും സൈദ്ധാന്തികവുമായ സമ്പ്രദായങ്ങൾ ഇതിന്റെ ഭാഗമാണ്.

### യുനെസ്കോ എംജിഐഇപി

നമ്മുടെ തലസ്ഥാന നഗരിയെ സമാധാന നഗരമാക്കുകയെന്ന മഹത്തായ ലക്ഷ്യത്തിനായുള്ള ശ്രമത്തിന്റെ ഭാഗമായി പ്രാദേശിക ആസൂത്രണത്തിലും ഭരണത്തിലും സമാധാനത്തെ മുൻനിരയിൽ നിർത്തുന്നതിന് തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനും കിലയും ഏറ്റെടുത്തിട്ടുള്ള പ്രയത്നങ്ങൾക്ക് കൂടുതൽ ശക്തി പകരുകയാണ് യുനെസ്കോ എംജിഐഇപിയുമായുള്ള കിലയുടെ സഹകരണം. വിദ്യാഭ്യാസം, സമാധാനം, സുസ്ഥിരത, ആഗോള പൗരത്വം എന്നീ മേഖലകളിൽ കേരളത്തിലെ യുവാക്കളുടെ കുറഞ്ഞുവരുന്ന നാഗരിക ഇടപെടലുകളെയും യുനെസ്കോ എംജിഐഇപിയുമായുള്ള കിലയുടെ പങ്കാളിത്തം അഭിസംബോധന ചെയ്യുന്നു. ടാക്കിങ് എക്രോസ് ജനറേഷൻ(തലമുറകൾക്കിടയിൽ സംസാരിക്കുന്നു)ഡയലോഗ് സംഘടിപ്പിച്ചു.

തുടക്കമെന്നനിലയിൽ കേരളത്തിലെ പ്രാദേശിക ഗവൺമെന്റ് ഉദ്യോഗസ്ഥർക്കും അധ്യാപകർക്കുമായി രണ്ടു ശിൽപ്പശാലകൾ കില നടത്തുകയുണ്ടായി.

ആറ് മുനിസിപ്പൽ കോർപ്പറേഷനുകളിൽ നിന്നുമുള്ള എക്സിക്യൂട്ടീവുകളെ ഉൾക്കൊള്ളിച്ച് എസ്ഇഎൽ ട്രെയ്നിങ് ഫോർ ഡിസിഷൻ മേക്കേഴ്സ് ദ്വിദിന വർക്ക്ഷോപ്പും നടത്തി.

കൂടാതെ അധ്യാപകർക്കു വേണ്ടിയുള്ള സോഷ്യൽ ആന്റ് ഇമോഷണൽ ട്രെയ്നിങ് വർക്ക്ഷോപ്പുകളും കില നടത്തിയിരുന്നു.

### കേരള അർബൻ ഫോറം

കൊച്ചി കോർപ്പറേഷനും കില സെന്റർ ഫോർ അർബൻ ഗവേണൻസും സംയുക്തമായുള്ള പ്രവർത്തനമാണ് കേരള അർബൻ ഫോറം. 2024 അവസാന പാദത്തിൽ ഇതിന്റെ ആദ്യ ഘട്ടം നടത്താനാണ് ഉദ്ദേശിയ്ക്കുന്നത്. അർബൻ ഫോറം സ്റ്റിയറിങ് കമ്മറ്റി ചെയർ മേയറും കോ-ചെയർ കില ഡയറക്റ്റർ ജനറലുമാണ്. മുഖ്യമന്ത്രി, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി,വ്യവസായ വകുപ്പ് മന്ത്രി, കൊച്ചിയിൽ നിന്നുള്ള എംഎൽഎമാർ എംപിമാർ എന്നിവരുടെ രക്ഷാകർതൃത്വത്തിലാണ് പദ്ധതി വിഭാവനം ചെയ്തത്.




***?ഹരിതകർമ്മ സേനയ്ക്ക് യൂസർ ഫീ നൽകാത്തവരിൽ നിന്ന്, തുക ഈടാക്കാൻ എന്തു നടപടി സ്വീകരിക്കാനാകും ?***

ഹരിതകർമ്മസേനയ്ക്ക് പൊതുജനങ്ങൾ നൽകുന്ന യൂസർ ഫീ പഞ്ചായത്ത് ചുമത്തുന്നത് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 198ന്റെ നിയമ പിൻബലത്തിലാണ്. അതുകൊണ്ട് തന്നെ അത് നൽകാത്തവരിൽ നിന്ന് നികുതി കുടിശ്ശിക ഈടാക്കുന്ന പോലെ വകുപ്പ് 210 പ്രകാരമുള്ള തുക ഈടാക്കൽ നടപടി സ്വീകരിക്കാവുന്നതാണ്.

***?അംഗീകൃതക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് എന്ന പ്രൊജക്റ്റ് ഏറ്റെടുക്കാനാവുമോ ?***

രജിസ്ട്രേഡ് യുവജന ക്ലബ്ബുകൾക്ക് സ.ഉ(കൈ) നമ്പർ 115/2022 LSGD തീയതി 28.5.2022 ന്റെ ഖണ്ഡിക7.7.2 പ്രകാരം 6000രൂപയിൽ അധികരിക്കാത്ത തുകയുള്ള സ്പോർട്സ് ഉപകരണങ്ങൾ നൽകാവുന്നതാണ്. നൽകേണ്ട സ്പോർട്സ് ഉപകരണങ്ങളുടെ ഇനം യുവജന ക്ലബ്ബുകളുടെ ഏകോപന സമിതി നിശ്ചയിക്കണം. ഗ്രാമപഞ്ചായത്തുകൾക്കും നഗര ഭരണ സ്ഥാപനങ്ങൾക്കും ഇതിനായി പ്രൊജക്റ്റുകൾ ഏറ്റെടുക്കാവുന്നതാണ്.

# നൂതനാശയ പ്രോത്സാഹനത്തിന് ഒ.എൽ.ഒ.ഐ.



*ഒ.എൽ.ഒ.ഐ പദ്ധതിയുടെ ഭാഗമായി കിലയിൽ സംഘടിപ്പിച്ച ദ്വിദിന ശിൽപ്പശാല കില ഡയറക്റ്റർ ജനറൽ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു സംസാരിക്കുന്നു.*

നൂതന ആശയങ്ങളുടെ പ്രയോഗത്തിലൂടെ പുരോഗതി ആർജ്ജിക്കാനുള്ള സമൂഹത്തിന്റെ കുതിപ്പിന് ഒരു പൊൻതൂവലേകുകയാണ് കിലയുടെ വൺ ലോക്കൽ ഗവൺമെന്റ് വൺ ഐഡിയ(ഒഎൽഒഐ) പദ്ധതി. തദ്ദേശ ഭരണ തലത്തിൽ ഓരോ സ്ഥാപനങ്ങൾക്കും നൂതന ആവാസ വ്യവസ്ഥ ഒരുക്കുക എന്നതാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസൂത്രണ പ്രക്രിയയിലെ പരിമിതികളെ ആശയപരമായ ഇടപെടലുകളിലൂടെ പരിഹരിക്കുകയാണ് കിലയുടെയും കേരള ഡെവലപ്മെന്റ് ആന്റ് ഇന്നൊവേറ്റീവ് സ്റ്റ്രാറ്റജിക് കൗൺസിലിന്റെയും (കെ-ഡിസ്ക്) സഹകരണത്തിലുള്ള ഒഎൽഒഐ. ആവാസവ്യവസ്ഥയെ പരിപോഷിപ്പിക്കുന്നതിനുള്ള പ്രായോഗിക വികസന മാതൃക എന്ന നിലയിൽ തദ്ദേശ ഭരണ തലത്തിൽ ഇതുവരെ പരിഹരിക്കപ്പെടാത്ത പ്രശ്നങ്ങൾ കണ്ടെത്തി തരംതിരിച്ച് പരിഹാരം നടപ്പാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഓരോ മേഖലയും നേരിടുന്ന വികസന പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനായി വിവിധ പ്രവർത്തനങ്ങളാണ് ഇതിന്റെ ഭാഗമായി സംഘടിപ്പിക്കുന്നത്.

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും ഓരോ ആശയങ്ങൾ എന്ന രീതിയിലാണ് പദ്ധതി തയ്യാറാക്കുന്നത്. ഇതിലൂടെ തൊഴിൽ രാഹിത്യം ഉൾപ്പെടെ പ്രാദേശികാടിസ്ഥാനത്തിൽ ഉയർന്നുവരുന്ന വിവിധ പ്രശ്നങ്ങളെ അടിസ്ഥാനമാക്കി ആശയങ്ങൾ വികസിപ്പിക്കുകയും അതിന്റെ വിവരങ്ങൾ ശേഖരിക്കുകയും അതിലൂടെ പ്രശ്ന പരിഹാരത്തിനായി ഓരോ പദ്ധതിയാക്കി മാറ്റുകയും ചെയ്യുന്നു. ഇതിനായുള്ള വിശദമായ പദ്ധതി രേഖ (ഡിപിആർ) തയ്യാറാക്കലും പരിശീലനങ്ങൾ ഏകോപിപ്പിക്കുന്നതും കിലയാണ്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യങ്ങളും സംബന്ധിച്ച ഡിപിആർ തയ്യാറാക്കലിന് വിവിധ മേഖലകളിലെ വിദഗ്ധ സ്ഥാപനങ്ങളുമായി കൈകോർത്താണ് കിലയുടെ പ്രവർത്തനം. 2022ൽ തുടക്കം കുറിച്ച ഒഎൽഒഐ സംസ്ഥാനത്താകെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അനുഭവിക്കുന്ന പ്രതിസന്ധികൾ പരിഹരിക്കാൻ അതിവേഗ വഴികളൊരുക്കി തുടങ്ങിയിരിക്കുന്നു എന്നത് വലിയൊരു മുന്നേറ്റമാണ്.

## വിജയം കുറിച്ച് ഒ.എൽ.ഒ.ഐ ആശയം

നൂതന ആവാസ വ്യവസ്ഥയെ പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കിലയും കെഡിസ്കും സംയുക്തമായി ആവിഷ്കരിച്ചതാണ് ഒഎൽഒഐ പദ്ധതി. ഇതിനോടകം 215 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒഎൽഒഐ പോർട്ടലിൽ പ്രശ്നങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ഘട്ടം ഘട്ടമായ വിലയിരുത്തലുകൾ നടത്തി 60 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പദ്ധതിയുടെ പൈലറ്റ് ഘട്ടത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എട്ടുതരം വിഷയങ്ങളിലായി 12 വ്യത്യസ്ത തരം പ്രശ്നങ്ങൾ പൈലറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തിരിക്കുന്നു. ഓരോ പ്രശ്നത്തെയും വിശകലനം ചെയ്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രാഥമിക പദ്ധതി രേഖ സമർപ്പിക്കാനായി വിദഗ്ധ സ്ഥാപനങ്ങളെയും പ്രത്യേകം നിയോഗിച്ചിരിക്കുന്നു. ഇതിൽ ഐ ഐടി മുംബൈ, ഐആർടിസി, ട്രിനിറ്റി കോളേജ് ഓഫ് എഞ്ചിനീയറിങ്, കുഫോ എന്നിവ പ്രാഥമിക പദ്ധതിരേഖ സമർപ്പിച്ചു. 16 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാഥമികപദ്ധതിരേഖ അവതരിപ്പിക്കുകയും, 14 എണ്ണത്തിൽ അനുബന്ധ പ്രശ്നം ചർച്ചചെയ്ത് 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തു.

ഇതിൽ തിരുവനന്തപുരം ജില്ലയിലെ ഇളകമൺ ഗ്രാമപഞ്ചായത്തിന്റെ പ്രശ്നത്തിന് പെട്ടന്ന് തന്നെ പ്രതികരണം ലഭിച്ചതും ഈ പദ്ധതിയുടെ വിജയത്തിന്റെ പ്രഥമ പടിയാണ്. ഈ പഞ്ചായത്തിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ അതിവേഗ പദ്ധതികൾക്കാണ് കളമൊരുങ്ങിയിരിക്കുന്നത്. പ്രശ്നം പഠിക്കാൻ മുംബൈ ഐഐടി വിദഗ്ധനായ പ്രദീപ് തൽബാറിന്റെ നേതൃത്വത്തിലുള്ള സംഘം ഫീൽഡ് സന്ദർശനം നടത്തുകയും ശാശ്വതമായ പരിഹാരങ്ങൾ ആസൂത്രണം ചെയ്ത് നൽകുകയും ചെയ്തു. ഇത് വികസന സമിതി അംഗീകരിക്കുകയും ഈ പ്രശ്നം 2024-25 വാർഷിക പദ്ധതിയുടെ ഭാഗമാക്കി 25 ലക്ഷം രൂപ വകയിരുത്തിയതും അഭിനന്ദനാർഹമാണ്.

## തദ്ദേശ സ്വയംഭരണ സ്ഥാപന -അക്കാദമിക് സ്ഥാപനങ്ങളുടെ ബന്ധമുറപ്പിച്ച് കില

ഒഎൽഒഐ പദ്ധതിയുടെ നടത്തിപ്പ് സുഗമമാക്കാനായി അക്കാദമിക സ്ഥാപനങ്ങളെ തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത് കിലയാണ്. സംസ്ഥാനത്തെ ബ്ലോക്ക് / മുനിസിപ്പാലിറ്റി തലങ്ങളിൽ നടത്തുന്ന ഇന്നൊവേഷൻ ക്ലസ്റ്റർ രൂപീകരണം ഈ സഹകരണത്തിന്റെ ഭാഗമാണ്. വിവിധ അക്കാദമിക് മേഖലകളിലെ വിദഗ്ധരായ അധ്യാപകരെ ഉൾപ്പെടുത്തി ഇന്നൊവേഷൻ ക്ലസ്റ്ററുകളുടെ രൂപീകരണത്തിലൂടെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പുതിയ ആശയങ്ങളും പദ്ധതികളും രൂപീകരിക്കാനും അതിന്റെ നടത്തിപ്പിനും അതത് മേഖലകളിൽ പ്രഗത്ഭരായഅധ്യാപ പങ്കാളിത്തം ഉറപ്പാക്കലാണ് പദ്ധതി ലക്ഷ്യം.

സംസ്ഥാനത്ത് പ്രാദേശിക അടിസ്ഥാനത്തിൽ മൂന്ന് മുൻസിപ്പാലിറ്റികളിലും ഓരോ ജില്ലകളിൽ രണ്ട് ബ്ലോക്കുകളിൽ വീതവും ഇന്നവേഷൻ ക്ലസ്റ്റർ രൂപീകരിക്കുകയാണ് ചെയ്തുവരുന്നത്. ഇതോടൊപ്പം സംസ്ഥാനത്തെ നാലു ജില്ലകളിൽ ജില്ലാ ഇന്നവേഷൻ കൗൺസിൽ രൂപീകരണ പ്രവർത്തനവും നടക്കുന്നുണ്ട്. ഇതിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി കേരളത്തിൽ 343 സ്ഥാപനങ്ങളുംവിദഗ്ധരായ 844 അധ്യാപകരുംപങ്കാളികളായിക്കഴിഞ്ഞു. 148 ആർട്ട്സ് &സയൻസ്കോളേജുകൾ, 35 എഞ്ചിനീയറിങ് കോളേജുകൾ, 50 ഐടിഐ, 32 ട്രെയിനിങ് സ്ഥാപനങ്ങൾ, 15 റിസർച്ച് സ്ഥാപനങ്ങൾ, ഏഴ്പാരാമെഡിക്കൽ സ്ഥാപനങ്ങൾ, മൂന്നുനഴ്സിംഗ് കോളേജുകൾ, 15പോളി ടെക്നിക്കുകൾ, വിവിധ യൂണിവേഴ്സിറ്റികളിലെ 20 ഡിപ്പാർട്ട് മെന്റുകൾ, നാല് ലോ കോളേജുകൾ, മൂന്ന് മെഡിക്കൽ കോളേജുകൾ എന്നിവ ഉൾപ്പെടുന്നു. ഈ പ്രവർത്തനങ്ങളെ സജീവമാക്കുന്നത് കിലയിലെ ഒഎൽഒഐ ജില്ലാ കോർഡിനേറ്റർമാരാണ്.

## കമ്യൂണിറ്റി ഓഫ് പ്രാക്റ്റീസ് ജില്ലാതല യോഗങ്ങൾ

വികസന പ്രതിസന്ധികളെ അതിജീവിക്കാൻ നൂതന ആശയങ്ങളെ പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാരിന്റെ ആഭിമുഖ്യത്തിൽ കിലയും കെ ഡിസ്കും സംയുക്തമായി കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ് ജില്ലാതല യോഗങ്ങൾക്ക് തുടക്കമിട്ടിരുന്നു. ഈ യോഗങ്ങൾ എല്ലാം പൂർത്തീകരിച്ചു കൊണ്ടാണ് ഒഎൽഒഐ പദ്ധതിയുടെ മറ്റൊരു ചുവട് പൂർത്തീകരിച്ചത്. ആശയ രൂപീകരണത്തിനും അതിലൂടെ പ്രശ്ന പരിഹാരം പ്രായോഗികമാക്കുന്നതിനുമായി വ്യത്യസ്ത മേഖലകളിൽ കഴിവ് തെളിയിച്ച വിദഗ്ധരെ ഒരു കുടക്കീഴിൽ കൊണ്ടുവന്ന് പദ്ധതിയിൽ പങ്കാളിത്തം ഉറപ്പാക്കുകയാണ് കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ് എന്നത് കൊണ്ട് അർത്ഥമാക്കുന്നത്. കിലയിലെ സീനിയർ അർബൻ ഫെല്ലോ ഡോ. രാജേഷ് കെ, കെ ഡിസ്ക് കൺസൽട്ടന്റ് ഡോ. ദീപ പി ഗോപിനാഥ് തുടങ്ങിയവരുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച കമ്മ്യൂണിറ്റി ഓഫ് പ്രാക്റ്റീസ് ജില്ലാതല യോഗങ്ങളിൽ 300ലധികം പേർ പങ്കാളികളായിരുന്നു. വ്യത്യസ്ത മേഖലകളിൽ നിന്നുള്ള വിദഗ്ദ്ധരുൾപ്പെടെ സജീവമായ ഗ്രൂപ്പ് ചർച്ചകളും ആശയ കൈമാറ്റവും ക്രിയാത്മക അവതരണ ശൈലിയും പദ്ധതിയ്ക്ക് മുതൽക്കൂട്ടായി. തിരഞ്ഞെടുക്കപ്പെട്ട ഐഎച്ച്ആർഡി സ്ഥാപനങ്ങളുടെ സഹായത്തോടെയാണ് വിവിധ ജില്ലകളിലായി യോഗം ആവിഷ്കരിച്ചത്. ബ്ലോക്ക്തല കമ്യൂണിറ്റി ഓഫ് പ്രാക്ടീസ് രൂപീകരിച്ച് അനുബന്ധ യോഗങ്ങൾ നടപ്പാക്കലാണ് പിന്നത്തെ ഘട്ടം. ഇന്ത്യയുടെ ചരിത്രത്തിൽ തന്നെ ആദ്യമായി ആണ് ഇത്തരമൊരു ആശയം അവലംബിക്കുന്നതിനാൽ പദ്ധതിക്ക് ദേശീയതലത്തിൽ സാധ്യതകൾ ഏറെയാണ്.

## ഖരമാലിന്യ സംസ്ക്കരണം-ഹാക്കത്തോൺ

ഉത്തരം കിട്ടാത്ത പ്രശ്നങ്ങൾക്ക് നൂതനാശയങ്ങൾ വഴി സമഗ്രവും സംയോജിതവുമായ പരിഹാരം തേടിയാണ് ഒഎൽഒഐയുടെ ആഭിമുഖ്യത്തിൽ ഹാക്കത്തോണുകൾക്ക് തുടക്കമിട്ടത്. ഇതോടനുബന്ധിച്ച് കിലയുടെയും കെ-ഡിസ്കിന്റെയും സഹകരണത്തോടെ ഖരമാലിന്യ സംസ്കരണത്തിലാണ് ആദ്യത്തെ ഹാക്കത്തോൺ സംഘടിപ്പിച്ചത്. മാലിന്യ നിർമ്മാർജ്ജനം വലിയൊരു പ്രതിസന്ധിയാവുന്ന കാലഘട്ടത്തിൽ തദ്ദേശസ്ഥാപനങ്ങളിലെ വികസന പ്രശ്നങ്ങൾക്ക് നൂതന പ്രശ്നപരിഹാരം സാധ്യമാക്കുന്ന ഒഎൽഒഐ പദ്ധതികളിലൂടെ പുതിയൊരു മാതൃകയാണ് ഹാക്കത്തോണിലൂടെ ലക്ഷ്യമിട്ടത്. സംസ്ഥാനത്തിനകത്തും പുറത്തും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയും സ്റ്റാർട്ട്അപ്പുകളെയും ആശയദാതാക്കളെയും സഹകരിപ്പിച്ചാണ് സാങ്കേതികമികവും സാമൂഹ്യ സ്വീകാര്യതയും ഉള്ള പരിഹാര മാർഗങ്ങൾക്കായി ഹാക്കത്തോൺ സംഘടിപ്പിച്ചത്. മാലിന്യ സംസ്കരണത്തിനുള്ള സാങ്കേതിക വിദ്യകൾ, മാലിന്യം കൈകാര്യം ചെയ്യൽ, മാലിന്യം വേർതിരിക്കൽ, മാലിന്യ കൈമാറ്റം എന്നിവയ്ക്കുള്ള സാങ്കേതിക വിദ്യകൾ, മാലിന്യസംസ്കരണം, മാലിന്യ പുനരുപയോഗം, മാലിന്യം കുറയ്ക്കൽ എന്നിവയ്ക്കുള്ള ബിസിനസ് മാതൃകകൾ, വിഭവ പുനരുപയോഗവും പരിപാലനവും തുടങ്ങിയ വിഷയ മേഖലകളിൽ ഉൾപ്പെടുന്ന പ്രശ്നങ്ങൾക്കാണ് ഹാക്കത്തോൺ വഴി പരിഹാരം തേടാൻ ശ്രമിച്ചത്. കില, കെഡിസ്ക് എന്നിവയോടൊപ്പം തദ്ദേശസ്വയംഭരണ വകുപ്പ്, ശുചിത്വ മിഷൻ, ഹരിതകേരളം മിഷൻ, ക്ളീൻ കേരള കമ്പനി, കുടുംബശ്രീ തുടങ്ങിയവ ഗ്രാമീണ-നഗരസാമൂഹിക വികസനത്തിന്റെ അഭിവാജ്യ ഘടകമായ ഖരമാലിന്യ സംസ്കരണ മാർഗങ്ങൾ കണ്ടെത്തുന്നതിന്റെ ഭാഗമായി. നൂതനാശയങ്ങൾ സമർപ്പിക്കുന്നതിന് കെഡിസ്കിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച ഓൺലൈൻ പോർട്ടലിന് തുടക്കമായി.

സംസ്ഥാനത്തിനകത്തും പുറത്തുനിന്നുമായി സമർപ്പിച്ച 182 ആശയങ്ങളിൽ വിവിധ വിലയിരുത്തൽ ഘട്ടങ്ങൾക്കുശേഷം 30 ആശയങ്ങൾ അവസാനഘട്ട വിലയിരുത്തലിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. ആശയങ്ങൾ പ്രാവർത്തികമാകുന്നതിലൂടെ ഖരമാലിന്യ സംസ്കരണത്തിൽ തദ്ദേശസ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരവും അതുവഴി പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കാനും ഒഎൽഒഐ പ്രോജക്റ്റിലൂടെ സാധ്യമാകുന്നു. ഇത്തവണ വേസ്റ്റ് മാനെജ്മെന്റ് വിഷയത്തിലായിരുന്നു ഹാക്കത്തോൺ എങ്കിൽ ഇനി ജറിയാട്രിക് വിഷയങ്ങളും മനുഷ്യനും -മൃഗങ്ങളുമായുള്ള സംഘർഷങ്ങളും ഉത്തരം കിട്ടാത്ത പ്രശ്നങ്ങൾക്ക് പരിഹാരം തേടിയുള്ള ഒഎൽഒഐ ഹാക്കത്തോണിന്റെ ഭാഗമാവും.

## ലോക്കൽ ഇന്നൊവേറ്റർമാരെ പ്രോത്സാഹിപ്പിക്കൽ

അക്കാദമിക് സ്ഥാപനങ്ങളിലെ പരീക്ഷണങ്ങൾക്ക് അപ്പുറം നൂതന ആശയങ്ങൾ പ്രായോഗികമായി വികസിപ്പിക്കുന്ന പ്രാദേശിക ഇന്നൊവേറ്റർമാരെ (ലോക്കൽ ഇന്നൊവേറ്റേഴ്സ്)കണ്ടെത്തുന്നതിനും ഒഎൽഒഐ പദ്ധതിയിൽ ശ്രമം ആരംഭിച്ചിരിക്കുകയാണ്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി നൂതന ആശയങ്ങൾ പരീക്ഷണ തലത്തിൽ 138 ഇന്നൊവേറ്റർമാരെ കിലയുടെ ഒഎൽഒഐ ജില്ലാ കോർഡിനേറ്റർമാർ സമീപിച്ച് ഒഎൽഒഐ പോർട്ടലിൽ രജിസ്റ്റർ ചെയ്യിപ്പിച്ചു കഴിഞ്ഞു. ഇവരുടെ ആശയങ്ങളെ വിജയകരമായി ഉൽപ്പന്നങ്ങൾ ആക്കി മാറ്റുന്ന ഉൽപ്പന്ന വികസന പ്രവർത്തനം (പ്രൊഡക്റ്റ് ഡവലപ്മെന്റ്) ആണ് അടുത്ത ഘട്ടത്തിൽ നടത്തുക.

ഇതിനായി ഓരോ ആശയത്തിന്റെയും പഠനം നടത്തി വിശദമായ പദ്ധതി രേഖകൾ തയ്യാറാക്കും. ഓരോ പ്രദേശത്തും ഈ അക്കാദമിക സ്ഥാപനങ്ങളുമായി ബന്ധിപ്പിച്ചാണ് വിശദമായ പദ്ധതി രേഖകൾ തയ്യാറാക്കുന്നത്. ഇതിനായി സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ഇന്നൊവേഷൻ ആന്റ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്ററുകളുടെ (ഐഇഡിസി) സഹായം തേടും. അക്കാദമിക സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ എന്നിവയുടെ പിന്തുണ നേടിയായിരിക്കും ലോക്കൽ ഇന്നൊവേറ്റർമാരുടെ ആശയങ്ങൾ വികസിപ്പിക്കുന്നതിനുള്ള ആവാസ വ്യവസ്ഥ കിലയും കെ ഡിസ്കും ചേർന്ന് ഒരുക്കുക.

KILA News Letter Published by Dr. Joy Elamon, Director General, Kerala Institute of Local Administration, Mulamkunnathukavu(P.O), Thrissur-680 581 (for Private Circulation)